(എഫ്) ഗ്രന്ഥശാലാ സംഘത്തിന് നൽകപ്പെടുന്ന ഗ്രാന്റ് തുകയുടെ കുറഞ്ഞത് 40 ശതമാനം എങ്കിലും ബുക്ക് മാർക്കിൽ നിന്നും വാങ്ങുവാൻ ഉത്തരവ് ഉണ്ടാകുമോ;

(ജി) പാഠപുസ്തക വിതരണം ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയെക്കൂടി ഏൽപ്പിക്കുമോ?

ഉത്തരം

(എ) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ഗ്രാന്റ് അനുവദിക്കുന്നുണ്ട്. കൂടാതെ വിറ്റുവരവിന്റെ ശരാശരി 10 ശതമാനം കൂടി ബുക്ക് മാർക്കിന്റെ ചെലവുകൾക്കായി ലഭിക്കുന്നു. രണ്ടു ബ്രാഞ്ചുകളും ഒരു ഹെഡ്ഡാഫീസും ഉണ്ടായിരുന്ന ഈ സൊസൈറ്റിക്ക് ഇപ്പോൾ 6 ജില്ലകളിൽ സ്ഥിരമായി പ്രവർത്തന സംവിധാനമുണ്ട്. കൂടാതെ കേരളത്തിലുടനീളം പുസ്തകമേളകളും കോളേജുകൾ തോറും പ്രത്യേക മേളകളും നടത്തിവരുന്നു.

(ബി) സർക്കാരിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും ജനങ്ങളിലേയ്ക്ക് നേരിട്ടെത്തിക്കുന്നതിനുള്ള സാംസ്കാരിക വകുപ്പ് സംരംഭമാണ് കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി.

(സി) സ്വകാര്യ വിതരണക്കാർക്കും വിതരണ ചുമതല ഏൽപ്പിക്കാറുണ്ട്. ആ കേസ്സുകളിൽ മാത്രമുള്ള റിബേറ്റേ അവർക്ക് ലഭിക്കുന്നുള്ളൂ.

(ഡി) ബുക്ക് മാർക്കിനേയും ഏൽപ്പിക്കാറുണ്ട്.

(ഇ—ജി)) ബന്ധപ്പെട്ട വകുപ്പുകൾക്ക് ഇതു സംബന്ധിച്ച് ശുപാർശ നൽകാവുന്നതാണ്.

ചെമ്പഴന്തി ശ്രീനാരായണ പഠനഗവേഷണ കേന്ദ്രം

40 [2903] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പഴന്തി ശ്രീനാരായണ പഠന ഗവേഷണകേന്ദ്രത്തിന് അനുവദിച്ച 50 ലക്ഷം രൂപ ചെലവഴിക്കുന്നത് സംബന്ധിച്ച് നിയമിച്ച സ്പെഷ്യൽ ഓഫീസർ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ട് സംബന്ധിച്ച് കെട്ടിടനിർമ്മാണത്തിന് എന്തെങ്കിലും നിർദ്ദേശമുണ്ടോ; എന്നത്തേയ്ക്ക് ഈ പ്രോജക്ട് തുടങ്ങാനാകുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. ആയത് ലഭിച്ചശേഷം അതിലെ നിർദ്ദേശങ്ങൾ വിലയിരുത്തി ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാവുന്നതാണ്.

അവശകലാകാരൻമാർക്ക് പെൻഷൻ

41 [2904] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനകം എത്ര അവശകലാകാരന്മാർക്ക് പുതുതായി പെൻഷൻ അനുവദിച്ചു;

(ബി) അവശകലാകാരന്മാരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ എത്ര എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 105 പേർക്ക്.

(ബി ആന്റ് സി) 208 അപേക്ഷകൾ ഇതിനായുള്ള കമ്മിറ്റിയുടെ പരിഗണനയിലാണ്.

അവശകലാകാരൻമാരുടെ പെൻഷൻ

42 [2905] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവശകലാകാരന്മാർക്ക് ഇപ്പോൾ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

പെൻഷൻ കുടിശ്ശിക ഇല്ല.

കേരളാ ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനം

43 [2906] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ സ്ഥാപിതമായ കേരളാ ഫോക്‌ലോർ അക്കാദമി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തികവർഷം എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly